**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3024. 07.12.2018 ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് എത്തുന്ന നിയന്ത്രിത മരുന്നുകളും നിരോധിത മരുന്നുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | നിയന്ത്രിത മരുന്നുകളും നിരോധിത മരുന്നുകളും സംസ്ഥാനത്ത് യഥേഷ്ടം എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസുകൾ ആണ് ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>191 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സിൽ പ്രതികളായിട്ടുള്ളവരെ എല്ലാം അറസ്റ്റ് ചെയ്തിട്ടുള്ളതും നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഡോക്ടർമാരുടെ ചീട്ട് ഉണ്ടെങ്കിൽ മാത്രം നൽകാവുന്ന മരുന്നുകൾ പാർസൽ സർവീസുകൾ വഴി യഥേഷ്ടം കേരളത്തിലേക്ക് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസുകൾ ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>പത്തനംതിട്ട ജില്ലയിൽ പാർസൽ സർവീസ് വഴി വന്ന നിയന്ത്രിത മരുന്ന് പിടികൂടി 2 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരത്തിലുള്ള മരുന്നുകൾ പാർസൽ സർവീസുകൾ വഴി അയയ്ക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത് ലംഘിക്കുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ പാർസൽ വാഹനങ്ങൾ, പാർസൽ ഓഫീസുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**